**ചരമോപചാരം**

സി. എ. മാത്യുവിന്റെ നിര്യാണം സംബന്ധിച്ച്.

മി. സ്പീക്കർ: 8-ാം കേരള നിയമസഭാംഗമായിരുന്ന സി.എ. മാത്യു, 2021 ഒക്ടോബർ 2 ന് അന്തരിച്ചു. സി.സി. എബ്രഹാം, ഏലിയാമ്മ എബ്രഹാം ദമ്പതികളുടെ മകനായി 1933 ആഗസ്റ്റ് 2 ന് സി.എ. മാത്യു ജനിച്ചു. 8-ാം കേരള നിയമസഭയിൽ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽ നിന്നും ഇന്ത്യൻ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ചാണ് അദ്ദേഹം 1987 മുതൽ 1991 വരെ നിയമസഭാംഗമായിരുന്നത്. പത്തനംതിട്ട ഡി.സി.സി. (എസ്) അദ്ധ്യക്ഷനായും, വലിയകുന്നം സെന്റ്മേരിസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഹകരണ മേഖലയിലൂടെ പൊതുപ്രവർത്തനരംഗത്ത് കടന്നുവന്ന അദ്ദേഹം 6 വർഷം കൊറ്റനാട് സർവ്വീസ് സഹകരണബാങ്കിന്റെ പ്രസിഡന്റായും 8 വർഷം തിരുവല്ല ഈസ്റ്റ് സഹകരണബാങ്ക് ഡയറക്ടർ ബോർഡ് അംഗമായും പ്രവർത്തിച്ചു. 22 വർഷം കൊറ്റനാട് ഗ്രാമപഞ്ചായത്തംഗമായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1957, 1958, 1959 വർഷങ്ങളിൽ ദേശീയ ചാമ്പ്യൻഷിപ്പ് നേടിയ

തിരുവിതാംകൂർ യൂണിവേഴ്സിറ്റി വോളീബാൾ ടീം അംഗമായിരുന്നു. ജീവിതത്തിലുടനീളം കർമ്മ നിരതനായിരുന്ന ഒരു പൊതു പ്രവർത്തകനേയും ഒരു മികച്ച സഹകാരിയേയുമാണ് സി.എ. മാത്യുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദര സൂചകമായി നമുക്ക് അൽപ്പ സമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)